**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 955** **12-06-2024 - ൽ മറുപടിയ്ക്ക്**

**കൊടികുത്തിമല ഇക്കോ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ പ്രത്യേക മഴക്കാല വിനോദസഞ്ചാര പ്രോഗ്രാം നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; | (എ) | കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ പ്രത്യേക മഴക്കാല വിനോദസഞ്ചാര പ്രോഗ്രാം നടപ്പാക്കുന്നത് നിലവിൽ പരിഗണനയിലില്ല. |
| (ബി) | 2023-ൽ കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ എത്ര വിനോദസഞ്ചാരികൾ എത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | 2023-ൽ കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ 1,02,490 വിനോദസഞ്ചാരികൾ എത്തിയിട്ടുണ്ട്. |
| (സി) | കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ വനംവകുപ്പും വിനോദസഞ്ചാര വകുപ്പും സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിനോദസഞ്ചാര, വികസന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ നഗരവനം പദ്ധതിയിലുൾപ്പെടുത്തി റോഡ്, അമിനിറ്റി സെന്റർ, സഞ്ചാരികൾക്കായി ടോപ്പ് സ്റ്റേഷനിൽ ടോയിലെറ്റ് ബ്ലോക്ക്, ആമ്പി തീയേറ്റർ, കഫ്റ്റീരിയ, പാത്ത്-വേ നിർമ്മാണം, സഞ്ചാരികൾക്ക് കാഴ്ചകൾ കണ്ട് വിശ്രമിക്കുന്നതിനായി സ്റ്റോൺ ബഞ്ച് നിർമ്മാണം എന്നിവ 70 ലക്ഷം രൂപ ചെലവിൽ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ MLA-യുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ ചെലവിൽ ഇക്കോ ടൂറിസം സെന്ററിലേക്കുള്ള റോഡ് കോൺക്രീറ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിന്റെ സമഗ്രവികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ